പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3692 — 15.07.2015 ൽ മറുപടിയ്ക്ക്

## നിയമബിരുദധാരികൾക്ക് നല്കുന്ന ധനസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ചിറയം ഗോപകുമാർ | | ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) | G.O.(Rt) 1493/2012/BCDD തിരുവനന്തപുരം തീയതി 20.11.2012 ഉത്തരവ് അനുസരിച്ച് പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ 24.09.2014, 25.09.2014 തീയതികളിലെ BCDD/A1/1777/2014 അനുസരിച്ച് നിയമബിരുദധാരികൾക്ക് വേണ്ടിയുള്ള സർക്കാർ ധനസഹായത്തിന് എത്ര അപേക്ഷകർ ഉണ്ടായിരുന്നുവെന്നത് പേരുവിവരം സഹിതം ലഭ്യമാക്കുമോ; | എ) | 133 അപേക്ഷകൾ ഉണ്ടായിരുന്നു. (പേരു വിവരം അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട്). |
| ബി) | 2013 നവംബർ ഒന്നിനും 2014 സെപ്റ്റംബർ 30 നും ഇടയിൽ എൻറോൾ ചെയ്ത് സംസ്ഥാനത്ത് പ്രാക്ടീസ് ചെയ്യുന്ന എല്ലാ അപേക്ഷകരുടേയും പട്ടിക, പേര്, ജാതി, ജനനതീയതി, വരുമാനം, മാർക്കിന്റെ ശതമാനം, നിയമബിരുദം പാസായത് എത്രാം തവണ, യൂണിവേഴ്സിറ്റിയുടെ പേര് എന്നിവ എൻറോൾമെന്റിനുശേഷം പ്രാക്ടീസ് ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള തെളിവുകളുടെ വിവരങ്ങൾ സഹിതം അറിയിക്കുമോ; | ബി) | വിവരങ്ങൾ അനുബന്ധം-2 ആയി ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു. |
| സി) | 01.11.2013 നും 31.04.2014 നും (2014-15) അഡ്വക്കേറ്റ് ഗ്രാന്റായി എത്ര തുക അനുവദിച്ച് ലഭ്യമായെന്ന് അറിയിക്കുമോ; | സി) | 2014-15 ബഡ്ജറ്റ് വിഹിതമായി 12 ലക്ഷം രൂപ അനുവദിച്ചു. |

| | | | |
|---|---|---|---|
| ഡി) | അനുവദിച്ച തുക, ചെലവഴിച്ച വിവരം, ഗ്രാന്റ് ലഭ്യമായവരുടെ പേര് സഹിതം വെളിപ്പെടുത്തുമോ; | ഡി) | 12 ലക്ഷം രൂപ. 12 ലക്ഷം രൂപ അനുബന്ധം-3 ൽ രേഖപ്പെടുത്തുന്നു. |
| ഇ) | മുൻവർഷത്തെ ഗ്രാന്റ് കുടിശ്ശിക 2014-15 വർഷത്തേക്കായി അനുവദിച്ചതിൽ നിന്നും നല്കുന്നതിന് നിയമസാധുതയുണ്ടോയെന്ന് വ്യക്തമാക്കുമോ; എത്ര പേർക്ക് ഇത്തരത്തിൽ ഗ്രാന്റ് നല്കിയെന്ന് പേരു വിവരം സഹിതം അറിയിക്കുമോ; | ഇ) | മൂന്ന് ഗഡുക്കളായി നല്കുന്ന പദ്ധതിയാണിത്. 2012-13 ആദ്യഘട്ട ഗ്രാന്റ് ലഭിച്ചവരിൽ 49 പേർക്ക് മൂന്നാം ഗഡു ആണ് അനുവദിച്ചത് കുടിശ്ശിക അല്ല അനുവദിച്ചിട്ടുള്ളത്. |
| എഫ്) | ഒരു ലക്ഷം രൂപയിൽ താഴെ വരുമാനം ഉള്ളവരെ ഒഴിവാക്കി മുൻവർഷത്തെ അപേക്ഷകർക്ക് ഇത്തരത്തിൽ തുക അനുവദിക്കുന്നതിന് ഉത്തരവ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഉത്തരവ് ഇല്ലായെങ്കിൽ ഏതു മാനദണ്ഡത്തിൽ കുടിശ്ശിക തീർക്കുന്നതിന് തുക അനുവദിച്ച് നല്കിയെന്ന് വെളിപ്പെടുത്തുമോ? | എഫ്) | അഡ്വക്കേറ്റ് ഗ്രാന്റ് പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്നവർക്ക് മൂന്നു വർഷം ഗ്രാന്റ് അനുവദിക്കുന്ന പദ്ധതിയാണ്. ആദ്യ പരിഗണന മുൻവർഷം ആനുകൂല്യം നല്കിയവർക്കാണ്. അവശേഷിക്കുന്ന തുക പുതിയ അപേക്ഷകർക്ക് ലഭ്യതയുടെ അടിസ്ഥാനത്തിൽ അനുവദിച്ചു. അതിനായി പ്രത്യേക സർക്കാർ ഉത്തരവിന്റെ ആവശ്യമില്ല. ഡയറക്ടറുടെ നടപടി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

**സെക്ഷൻ ഓഫീസർ**